(3) Preparations of opium, confiscated under the opium Regulation or surrendered under these Rules, shall be immediately destroyed.

XXXV. When a case relating to opium, ganja or other intoxicating drug is discharged by the Inspector, a report of such discharge shall be made to the Assistant Excise Commissioner and the article seized shall be returned to the party from whose possession it was taken, unless the Inspector deems it necessary that it should be destroyed. In the latter case, the Inspector shall forward with his report the article seized to the Assistant Excise Commissioner who shall then deal with it as laid down in Rule XXXIV provided that no article seized under this Rule shall

be returned or destroyed without orders to that effect being obtained from the Excise Commissioner or Assistant Excise Commissioner.

XXXVI. The grant of rewards to Officers of the Excise and other Departments of the State referred to in the Opium and Abkari Regulations and to informers in cases of seizure or confiscation under the Opium or Abkari Regulation, shall be regulated by the following Rule:—

In cases involving special risk, difficulty or sacrifice, exemplary bravery, noteworthy zeal or skill, on the part of Officers of the Excise or other Departments of the State, or in cases where first authentic information leading to seizure or detection is furnished by any other person, the Commissioner may recommend to the Dewan the grant of a reward not exceeding half the value of the article seized or confiscated.

XXXVII. Any person guilty of infringement of any of these rules shall be liable to punishment as for an infringement of the provisions of the Opium and Abkari Regulations.

XXXVIII. Nothing herein contained shall affect any Rule or Notification at present in force so far as it is not inconsistent with these Rules.

Huzur Cutcherry,
Camp Quilon,
15th August 1907.

S. GOPALACHARIYAR,
Dewan.

No. 4506 P. W.

Circular.

The Government notification dated 31st Karkadagom 1053 corresponding to 14th August 1878 provides that "on all roads already constructed, in process of construction or which may hereafter be constructed, all Government land extending to 20 ft. on either side of the centre line of the road-way or, where boundary stones have been placed, all Government land lying between the lines of stones, is hereby reserved and all trespass and encroachment thereon prohibited". It has been brought to the notice of Government that registry of land within the 40 ft. limit takes place. The Division Peishkars and other Officers within whose control or duties the work of registration of lands falls, are requested to be so good as to see that no application for waste land or Poramboke within the 40 ft. prescribed is entertained and that all unauthorised occupation within the said limit is evicted under the Land Conservancy Regulation.

Huzur Cutcherry,
Camp, Quilon,
14th August, 1907.

S. GOPALACHARIYAR,
Dewan.

സൎക്കുലർ.

"ഇതിനു മുമ്പിൽ വെട്ടിതീൎന്നിട്ടുള്ളതൊ വെട്ടി വരുന്നതൊ ഇനിമെൽ വെട്ടാൻ പൊകുന്നതൊ ആയ എല്ലാ റൊഡുകളിലും റൊഡിന്റെ മദ്ധ്യ രെഖയുടെ ഇരുവശത്തുമായി ഇരുപതു അടി വീതിയിൽ ഉള്ള സൎക്കാർ വക തറയെ അതൃത്തി കല്ല ഇട്ടിരിക്കുന്ന ദിക്കിൽ ആ കല്ലുകളുടെ മദ്ധ്യെയുള്ള സൎക്കാർ വക സ്ഥലം മുഴുവനുമൊ ഇതിനാൽ സൎക്കാരിലെ പ്രത്യെക ഉപയൊഗത്തിനായി നീക്കപ്പെട്ടിരിക്കുന്നു. അവിടെ ആരും കയറി ആക്രമിക്കരുതെന്നു വിരൊധിക്കയും ചെയ്തിരിക്കുന്നു" എന്നു ൧൦൫൩ാമാണ്ടു കൎക്കടകമാസം ൩൧നു-ക്കു ൧൮൭൮ാം വൎഷം ആഗസ്റ്റ്മാസം ൧൪നു- ഉണ്ടായ ഗവൎമ്മെണ്ടു വിളംബരത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. മെല്പറഞ്ഞ ൪൦ അടി അതൃത്തിക്കകത്തു ഉൾപ്പെട്ട തറയെ കുടികളുടെ പെരിൽ പതിച്ചു വരുന്നതായി ഗവൎമ്മെണ്ടിനു അറിവു കിട്ടിയിരിക്കുന്നു. ഭൂമിയെ കുടികളുടെ പെരിൽ പതിച്ചു കൊടുക്കുന്ന ജൊലിയുള്ളതൊ ആ ജൊലിയുടെ ഭരണം വഹിക്കുന്നതൊ ആയ ഡിവിഷൻ പെഷ്കാരന്മാരും മറ്റു ഉദ്യൊഗസ്ഥന്മാരും മെല്പറഞ്ഞ നാല്പതു അടിക്കു ഉൾപ്പെട്ട സ്ഥലത്തുള്ള തരിശു ഭൂമിയെയൊ പുറമ്പൊക്കിനെയൊ പതിച്ചു കിട്ടണം എന്നുള്ള അപെക്ഷയെ സ്വീകരിച്ചുകൂടാത്തതും ആ അതൃത്തിക്കകത്തു അധികാരംകൂടാതെ സ്ഥലം അനുഭവിക്കുന്നവരെ എല്ലാം ഭൂമി സംരക്ഷണ റിഗുലെഷൻ അനുസരിച്ചു അനുഭവഹാനി വരുത്തെണ്ടതും ആകുന്നു.

ഹജൂർക്കച്ചെരി
ക്യാമ്പു കൊല്ലം
൧൯൦൭ ആഗസ്റ്റ ൧൪നു-

ദിവാൻ എസ്. ഗൊപാലാചാൎയ്യർ,
ദിവാൻ ബഹദൂർ.

അഫീനും കഞ്ചാവിനും സംബന്ധിക്കുന്ന ചട്ടങ്ങൾ.

൧൦൮൨-ാമാണ്ടത്തെ ൩-ം റെഗുലേഷൻ ൫-ം ൬-ം വകുപ്പുകൾ അനുസരിച്ചും, ൧൦൭൯-ാമാണ്ടത്തെ ൪-ം റെഗുലേഷൻ കഞ്ചാവിനെയും മറ്റു ലഹരി മരുന്നുകളേയും സംബന്ധിക്കുന്നിടത്തോളം അതിൽ ൫-ം, ൨൩-ം വകുപ്പുകൾ അനുസരിച്ചും നടപ്പാക്കിയവ.

വ്യാഖ്യാനം.

1. (1) ഈ ചട്ടങ്ങളിൽ "എക്സൈസ് കമ്മീഷണർ" എന്നാൽ, ഉപ്പ്, കലാൽ, പുകയില, അഫീൻ കരവഴിക്കും കടൽവഴിക്കും ഉള്ള ചുങ്കം മരീൻ ഈ ഡിപ്പാർട്ടുമെണ്ടുകൾ ഉൾപ്പെട്ടതായ സെപ്പറേറ്റ് റെവന്യൂ ഡിപ്പാർട്ടുമെണ്ടിലെ മേൽവിചാരം വഹിക്കുന്ന പ്രധാന എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥൻ എന്നർത്ഥം ആകുന്നു.

(2) 'അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ' എന്നാൽ എക്സൈസ് കമ്മീഷണരുടെ ഭരണത്തിനുൾപ്പെട്ടും ഒരു സെപ്പറേറ്റ് റെവന്യൂ ഡിവിഷനിൽ എക്സിക്യൂട്ടീവ് ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥം ആകുന്നു.

വിവരണം:—ഈ ചട്ടങ്ങളുടെ ആവശ്യത്തിലേക്കു ഈ സംസ്ഥാനം, വടക്കൻ ഡിവിഷനു ആലപ്പുഴ ൧-ാം ക്ലാസ്സ് മാജിസ്ട്രേട്ടിന്റെ അധികാര സ്ഥലാതിർത്തി ഉൾപ്പെട്ടതായ ആലപ്പുഴ ഡിവിഷൻ സെൻട്രൽ ഡിവിഷൻ തിരുവനന്തപുരം റെവന്യൂ ഡിവിഷനും പത്മനാഭപുരം റെവന്യൂ ഡിവിഷനും ഉൾപ്പെട്ടതായ തെക്കൻ ഡിവിഷൻ ഇങ്ങനെ നാലു ഡിവിഷനായി വിഭജിക്കപ്പെട്ടിരിക്കുന്നു.

(3) 'സർക്കിൾ ആഫീസർ' എന്നാൽ അസിസ്റ്റൻറ് എക്സൈസ് കമ്മീഷണരുടെ അടുത്ത ഭരണത്തിനുൾപ്പെട്ട ഒരു സർക്കിളിലെ മേലധികാരം വഹിക്കുന്ന എക്സൈസ് ആഫീസർ എന്നർത്ഥം ആകുന്നു.

(4) 'സർക്കിൾ' എന്നാൽ ഒരു സെപ്പറേറ്റ് റെവന്യൂ ഡിവിഷനിലെ ഒരു സബ്ബ് ഡിവിഷൻ എന്നർത്ഥം ആകുന്നു.

(5) 'റേഞ്ച്' എന്നാൽ ഒരു സർക്കിളിൽ ഒരു എക്സൈസ് ഇൻസ്പെക്ടരുടെ ചാർജിൽ ഇരിക്കുന്ന ഒരു ഭാഗം എന്നർത്ഥം ആകുന്നു.

(6) 'എക്സൈസ് ആഫീസർ' എന്നാൽ പെറ്റിആഫീസരുടെ ഗ്രേഡിലോ അതിനു മീതെയുള്ള ഗ്രേഡിലോ ഉള്ള സെപ്പറേറ്റ് റെവന്യൂ ഡിപ്പാർട്ടുമെണ്ടിലെ ഏതെങ്കിലും ആഫീസർ എന്നർത്ഥം ആകുന്നു.

i. അബ്കാരി റെഗുലേഷന്റെ കാര്യത്തിലേക്കു ശിപായി ഗ്രേഡിലും അതിനു മേലുള്ള ഗ്രേഡുകളിലും ഉള്ള സെപ്പറേറ്റ് റെവന്യൂ ഡിപ്പാർട്ടുമെണ്ടിലെ എല്ലാ ആഫീസർമാരും അബ്കാരി ആഫീസർമാർ ആയി ഗണിക്കപ്പെടുന്നതാകുന്നു.

ii. മേല്പറഞ്ഞ റെഗുലേഷനിൽ ൩൭ മുതൽ ൪൫ വരെ വകുപ്പുകളിലെ (ഈ രണ്ടു വകുപ്പുകളും കൂടിയും അടങ്ങും) കാര്യത്തിന്നായി എല്ലാ സർക്കിൾ ആഫീസർമാരും എക്സൈസ് ഇൻസ്പെക്ടർമാരും അബ്കാരി ഇൻസ്പെക്ടർമാരായി ഗണിക്കപ്പെടുന്നതാകുന്നു.

iii. പെറ്റിആഫീസരുടെ ഗ്രേഡിൽ കൂടിയ ഗ്രേഡുള്ള ഏതു എക്സൈസ് ആഫീസർക്കും ൧൦൭൯-ാമാണ്ടത്തെ ൩-ം റെഗുലേഷൻ ആയ അഫീൻ റെഗുലേഷൻ ൧൫-ം ൧൬-ം വകുപ്പുകൾ അനുസരിച്ചുള്ള അധികാരങ്ങൾ നടത്തുന്നതിനു അധികാരം ഉണ്ടായിരിക്കുന്നതാകുന്നു.

(7) 'അഫീൻ' (കറുപ്പു) എന്നാൽ കശകശച്ചാറുകൊണ്ടുണ്ടാക്കിയ പാക എന്നർത്ഥം ആകുന്നു.

(8) 'കശകശ കായ്ത്തോട്' എന്നതിന്നു കശകശ ചെടിയുടെ ചാറെടുത്തിട്ടുള്ള കായ്കൾ എന്നർത്ഥം ആകുന്നു.

(9) 'ലഹരി മരുന്നു' എന്നാൽ ലഹരിയോ മയക്കമോ ഉണ്ടാക്കുന്നതായ ഏതു പാനസാധനമോ കൂട്ടോ അല്ലെങ്കിൽ കഞ്ചാവിൻചെടിയോ കശകശച്ചെടിയുടെയോ ഏതു ഭാഗത്തിൽനിന്നും ഉണ്ടാക്കപ്പെടുന്ന ഏതു സാധനമോ എന്നർത്ഥം ആകുന്നതും ഇതിൽ കഞ്ചാവു, ചരസ്, ഭാങ്ങ്, മദക്, ചാന്ദു ഇവയും ഇവ ചേർത്തുണ്ടാക്കിയ എല്ലാ മരുന്നും കൂട്ടും അഫീൻ, കശകശാ, കായ ഇവ ചേർത്തുണ്ടാക്കിയ ഏതു മരുന്നും കൂട്ടും ഉൾപ്പെടുന്നതും ആകുന്നു; എന്നാൽ ഇതിൽ കശകശ കായ്ത്തോട് ഉൾപ്പെടുന്നില്ല.

'കഞ്ചാവ്' എന്നാൽ കൃഷിചെയ്തുണ്ടാക്കപ്പെട്ട ഹെമ്പ് (കഞ്ചാവ്) ചെടിയുടെ പൂക്കൊ [illegible] തടസ്ഥം എന്നിയെ [illegible] പുറപ്പെടുവിക്കുവാൻ ശക്തിയില്ലാത്തവയായിരിക്കുന്ന [illegible] ഊറ്റം [illegible] കൂടപ്പെടുമ്പോൾ ആ പൂക്കൾ [illegible] കൂടിയ ആ ചെറിയ ഉണങ്ങിയ അഗ്രങ്ങൾ എന്ന അർത്ഥം ആകുന്നു.

'ചരസ്' എന്നാൽ കൃഷി ചെയ്യപ്പെട്ട കഞ്ചാവ് ചെടികളുടെ പൂക്കുന്ന അഗ്രങ്ങളെ പ്രത്യേകമായി എടുത്തിട്ട് [illegible] ഉണ്ടാക്കുന്ന പശപോലുള്ള സാധനം എന്ന അർത്ഥം ആകുന്നു.

'ഭാങ്' എന്നാൽ കൃഷി ചെയ്യപ്പെട്ടതോ അല്ലാത്തതോ ആയ കഞ്ചാവ് ചെടിയുടെ ഉണങ്ങിയ ഇലകൾ എന്ന അർത്ഥം ആകുന്നു.

'ലൈസൻസുകാരൻ' എന്നാൽ സംഗതിയുടെ സ്ഥിതിപോലെ ദിവാന്റെ പക്കൽ നിന്നോ എക്സൈസ് കമ്മീഷണരുടെ പക്കൽ നിന്നോ ആകട്ടെ, ലഭിച്ചിട്ടുള്ള ഒരു ലൈസൻസ് (അനുവാദപത്രം) അനുസരിച്ചു (പുക വലിക്കുന്നതിന്നു ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സംഗതികളിൽ ഒഴികെ) അഫീനോ, കഞ്ചാവോ, മറ്റു ലഹരി മരുന്നോ സംസ്ഥാനം മുഴുവനിലേക്കും ആകട്ടെ, ഒരു ഡിവിഷൻ, താലൂക്ക, പ്രവൃത്തി, പകുതി ഇവയിൽ ഒന്നിലോ അധികത്തിലോ ആകട്ടെ ഇറക്കുമതി ചെയ്യുന്നതിനോ മൊത്തമായിട്ടാകട്ടെ ചില്ലറയായിട്ടാകട്ടെ വില്ക്കുന്നതിനോ പ്രത്യേകാധികാരം സിദ്ധിച്ചിട്ടുള്ള ആൾ എന്ന അർത്ഥം ആകുന്നു.

(10) 'അനുവാദപത്രം ഉള്ള വിക്രയി' എന്നാൽ ഒന്നോ അധികമോ കടകളിൽ അഫീനോ കഞ്ചാവോ മറ്റു ലഹരി മരുന്നോ വില്ക്കുന്നതിലേക്ക ഈ ചട്ടങ്ങൾ അനുസരിച്ച ലൈസൻസ് (അനുവാദപത്രം) ലഭിച്ചിട്ടുള്ള ആൾ എന്ന അർത്ഥം ആകുന്നു.

(11) 'സ്വതന്ത്രൻ ആയ അനുവാദപത്രം ഉള്ള വിക്രയി' എന്നാൽ, ഒന്നോ അധികമോ കടകളിൽ അഫീനോ കഞ്ചാവോ മറ്റു ലഹരി മരുന്നോ വില്ക്കുന്നതിലേക്ക ദിവാന്റെ പക്കൽ നിന്നു ആകട്ടെ, എക്സൈസ് കമ്മീഷണരുടെ പക്കൽ നിന്നു ആകട്ടെ, അസിസ്റ്റണ്ട് എക്സൈസ് കമ്മീഷണരുടെ പക്കൽ നിന്നു ആകട്ടെ, അനുവാദപത്രം നേരിട്ടു ലഭിച്ചിട്ടുള്ള വിക്രയി എന്ന അർത്ഥം ആകുന്നു.

(12) 'പരതന്ത്രൻ ആയ അനുവാദപത്രം ഉള്ള വിക്രയി' എന്നാൽ, ഒരു കുത്തകക്കാരന്റെ അപേക്ഷയിൻപേരിൽ അഫീനോ കഞ്ചാവോ മറ്റു ലഹരി മരുന്നോ വില്ക്കുന്നതിന്നു സംഗതിയുടെ സ്ഥിതിപോലെ ദിവാന്റെ പക്കൽ നിന്നോ എക്സൈസ് കമ്മീഷണരുടെ പക്കൽ നിന്നോ അസിസ്റ്റണ്ട് എക്സൈസ് കമ്മീഷണരുടെ പക്കൽ നിന്നോ അനുവാദപത്രം സിദ്ധിച്ചിട്ടുള്ളതും ആ കുത്തകക്കാരന്റെ പക്കൽ നിന്നു വിക്രയസാധനം ലഭിച്ചു വരുന്നതുമായ ഒരു വിക്രയി എന്ന അർത്ഥം ആകുന്നു.

(13) '(കുത്തകപ്പടിയായി) മൊത്തമായി വില്ക്കുക' എന്നാൽ, പുക വലിക്കുന്നതിന്നല്ലാതെ മറ്റു കാര്യങ്ങൾക്കു ഉപയോഗിക്കപ്പെടുന്ന വെറും അഫീനോ, അഫീൻ ചേർന്ന കൂട്ടുസാധനങ്ങളോ ഒരു തോലായിൽ കൂടുതലായി എത്ര എങ്കിലുമോ, കഞ്ചാവാകട്ടെ ഭാങ് ആകട്ടെ ഇവ ചേർന്ന കൂട്ടുസാധനങ്ങൾ ആകട്ടെ ഒരു തോലായിൽ കൂടുതലായി എത്ര എങ്കിലുമൊ വില്ക്കുക എന്ന അർത്ഥം ആകുന്നു.

(14) 'ചില്ലറയായി വില്ക്കുക' എന്നാൽ, പുക വലിക്കുന്നതിന്നായിട്ടല്ലാതെ മറ്റു കാര്യങ്ങൾക്കു ഉപയോഗിക്കപ്പെടുന്ന വെറും അഫീനൊ അഫീൻ ചേർന്ന കൂട്ടുസാധനങ്ങളോ ഒരു തോലായിൽ കൂടുതലാകാതെ എത്ര എങ്കിലുമോ കഞ്ചാവാകട്ടെ, ഭാങ് ആകട്ടെ ഇവ ചേർന്ന കൂട്ടുസാധനങ്ങൾ ആകട്ടെ ഒരു തോലായിൽ കൂടുതലാകാതെ എത്ര എങ്കിലുമൊ വില്ക്കുക എന്ന അർത്ഥം ആകുന്നു.

(15) 'തോല' എന്നതിന്നു നൂറെറൺപതു ട്രോയ് ഗ്രേൻസ് തൂക്കം അല്ലെങ്കിൽ ഒരു ബ്രിട്ടീഷ് രൂപാ തൂക്കം എന്ന അർത്ഥം ആകുന്നു.

(16) 'പൌണ്ട്' എന്നതിന്നു നാല്പതു തോല എന്ന അർത്ഥം ആകുന്നു.

(17) 'സേർ' എന്നതിന്നു എൺപതു തോല (രണ്ടു പൌണ്ട്) തൂക്കം എന്ന അർത്ഥം ആകുന്നു.

ഇറക്കുമതി.

II ഉത്തമവിശ്വാസമായി യാത്രക്കാരൻ ആയ പ്രായം വന്നിട്ടുള്ള ഒരു ആൾ തന്റെ സ്വന്ത ഉപയോഗത്തിന്നായി ഒരു തോല വരെ കൊണ്ടുപോകാം എന്നുള്ളതല്ലാതെ, യാതൊരു അഫീനോ, കഞ്ചാവോ, മറ്റു ലഹരി മരുന്നോ ഗവർന്മെന്റിന്റെ അനുവാദത്തിന്മേലോ വിട്ടോ XX-മത്തെ ചട്ടം അനുസരിച്ചോ ആയിട്ടോ അല്ലാതെ, തിരുവിതാംകോട്ടിലേക്കു ഇറക്കുമതി ചെയ്തുകൂടാ.

ശേഖരിച്ചുവെക്കലും അയക്കലും.

III. മദ്രാസിൽ നിന്നു ആകട്ടെ മററു സ്ഥലത്തു നിന്നു ആകട്ടെ, തിരുവിതാംകോട്ടേക്കു ഇറക്കുമതി ചെയ്യപ്പെടുന്ന അഫീനാകട്ടെ കഞ്ചാവാകട്ടെ മററു ലഹരി മരുന്നുകളെ ആദ്യമായി, കൊല്ലത്തുള്ള സെൻട്രൽ ഡിവിഷൻ അസിസ്റ്റൻറ് എക്സൈസ് കമ്മിഷണരുടെ ആഫീസിൽ ചേർന്നുള്ള പ്രത്യേകമായ ഒരു മുറിയിൽ വെച്ചിരിക്കുന്നതും അതു ഇപ്പോഴത്തേക്കു സെൻട്രൽ ഡെപ്പൊ ആയിരിക്കുന്നതും ആകുന്നു. ഈ സെൻട്രൽ ഡെപ്പോവിൽ നിന്നു അഫീൻ, കഞ്ചാവു മുതലായതു ഓരോ സർക്കിൾ ആഫീസിലേക്കുമോ അല്ലെങ്കിൽ ഗവർൺമെൻറ് അതതു കാലം നിശ്ചയിക്കാവുന്ന മററു സ്ഥലങ്ങളിലേക്കോ മുദ്ര വച്ചു അയക്കപ്പെടുന്നതാകുന്നു.

കുറിപ്പു—സാധാരണമായി സ്റ്റാക് സാധനങ്ങളിൽ നിന്നു വെളിയിൽ അയക്കുന്നതു, അതതു സാധനം വന്നു ചേർന്നതിൻെറ ക്രമം അനുസരിച്ചുമാത്രമേ ആയിരിക്കയുള്ളു.

IV. അസിസ്റ്റൻറ് എക്സൈസ് കമ്മിഷണരുടെ ഉത്തരവിൻകീഴിൽ സെൻട്രൽ ഡെപ്പോവിലെ മേലധികാരം വഹിക്കുന്ന ഒരു സ്റ്റോർകീപ്പർ ഉണ്ടായിരിക്കുന്നതാകുന്നു. ഈ സ്റ്റോർകീപ്പർ, എക്സൈസു കമ്മിഷണർ മതി എന്നു വിചാരിക്കുന്നതായ ജാമ്യം കെട്ടിവെക്കേണ്ടതാകുന്നു.

അഫീൻ ആകട്ടെ കഞ്ചാവാകട്ടെ മററു ലഹരി മരുന്നുകളെ അടച്ച പെട്ടികൾ കിട്ടുമ്പോൾ, സ്റ്റോർകീപ്പർ, കെട്ടുകളിന്മേൽ ഉള്ള അടയാളങ്ങളേയും നമ്പരുകളേയും, മുദ്രകളേയും മററു വിവരങ്ങളേയും പരിശോധിക്കയും, ആ പെട്ടികളെ ഏററുവാങ്ങിച്ചുകൊണ്ടുവരുന്ന ആഫീസരുടെ മുമ്പിൽവച്ചു കെട്ടുകളെ തൂക്കിക്കയും, അവയുടെ കെട്ടടക്കമായും സാധനമാത്രമായും ഉള്ള തൂക്കത്തെ നിശ്ചയിക്കയും, വിപരീതമായി നടത്തുന്നതിനു മതിയായ കാരണം കാണാത്ത പക്ഷം, ആ അഫീനേയോ കഞ്ചാവിനേയോ മററു ലഹരി മരുന്നിനേയോ ഡെപ്പോവിൽ വാങ്ങി സൂക്ഷിച്ചു വെക്കയും ചെയ്യേണ്ടതാകുന്നു.

V. വല്ല പെട്ടിയിലും വഴിയിൽ കൃത്രിമം ചെയ്തിട്ടുള്ളതായി സംശയിക്കുന്നതിനു സ്റ്റോർകീപ്പർക്കു കാരണം ഉണ്ടായിരിക്കാവുന്ന എല്ലാ സംഗതികളെപ്പററിയും, സ്റ്റോർകീപ്പർ, അസിസ്റ്റൻറ് എക്സൈസു കമ്മിഷണർക്കു ഉടനടി റിപ്പോർട്ടു ചെയ്യേണ്ടതും, അസിസ്റ്റൻറ് എക്സൈസു കമ്മിഷണർ ആവശ്യമുള്ള നടപടി ചെയ്യുന്നതും ആകുന്നു. ഇൻവോയിസിൻപ്രകാരം ഉള്ള തൂക്കങ്ങളിൽ വല്ല വ്യത്യാസവും ഉണ്ടെങ്കിൽ, ഉണക്കലോ നനവോ കൊണ്ടു ഉണ്ടാകുന്ന വ്യത്യാസം അഫീൻെറയും അഫീൻ ചേർന്ന കൂട്ടുകളുടേയും കാര്യത്തിൽ നൂററിനു കാൽവീതത്തിലും, കഞ്ചാവിൻെറ കഞ്ചാവു ചേർന്ന കൂട്ടുകൾ മററു ലഹരി മരുന്നുകളുടേയും കാര്യത്തിൽ നൂററിനു അരവീതത്തിലും കൂടുതൽ അല്ലാതിരിക്കുമ്പോൾ ഒഴികെ, ആ വ്യത്യാസത്തെപ്പററി ഇതുപോലെ റിപ്പോർട്ടു ചെയ്യേണ്ടതും നടപടി ചെയ്യേണ്ടതും ആകുന്നു.

VI. അഫീനൊ കഞ്ചാവൊ മററു ലഹരി മരുന്നൊ അടച്ചിരിക്കുന്ന ഓരോ പെട്ടിയും ഡെപ്പോവിൽ വാങ്ങിവെക്കുമ്പോൾ, സ്റ്റോർകീപ്പർ നിശ്ചയിക്കപ്പെട്ട രെജിസ്റ്ററുകളിൽ, അതുവന്നു ചേർന്ന തിയതിയും, ഏററുവച്ച തിയതിയും, ഏററുവച്ച സമയത്തു നോക്കി നിശ്ചയിക്കപ്പെട്ട തൂക്കങ്ങളും, കെട്ടുകൾ കണ്ടാൽ എങ്ങിനെ തോന്നിക്കുന്നു എന്നുള്ളതിനേയും, അകത്തുള്ളവയുടെ തരം സ്ഥിതി ഇവയേയും പററി സ്റ്റോർകീപ്പർ ആവശ്യം എന്നു വിചാരിക്കുന്ന വിവരങ്ങളും എഴുതി വെക്കേണ്ടതാകുന്നു.

അയക്കൽ

VII. അഫീനാകട്ടെ കഞ്ചാവാകട്ടെ, മററു ലഹരി മരുന്നാകട്ടെ സെൻട്രൽ ഡെപ്പോവിൽ നിന്നു അതതു സർക്കിൾ ആഫീസുകളിലേക്കൊ അതതുകാലം ഗവർണ്മെൻറു നിശ്ചയിക്കാവുന്ന മററു സെൻററുകളിലേക്കൊ, മുദ്രവച്ചു അയക്കേണ്ടതാകുന്നു.

VIII. അസിസ്റ്റൻറ് എക്സൈസു കമ്മിഷണർക്കു രേഖാമൂലമായ ഒരു അപേക്ഷ അയക്കയും നീക്കിക്കൊണ്ടു പോകുന്നതിലേക്കു ആ ഉദ്യോഗസ്ഥൻ ഉത്തരവു അയക്കയും ചെയ്യുന്നതനുസരിച്ചായി, സെൻട്രൽ ഡെപ്പോവിൽ നിന്നു അവിടെ ഏല്പിച്ചുവെക്കപ്പെട്ടിട്ടുള്ള അഫീനാകട്ടെ, കഞ്ചാവാകട്ടെ, മററു ലഹരി മരുന്നാകട്ടെ നീക്കിക്കൊണ്ടുപോകുവാൻ പാടുള്ളതല്ല.

IX. കുത്തകക്കാർക്കോ വിക്രയികൾക്കോ വില്ക്കുന്നതിലേക്കു അഫീനൊ, കഞ്ചാവൊ, മററു ലഹരി മരുന്നോ ലഭിക്കേണ്ടിയിരിക്കുന്ന സർക്കിൾ ആഫീസർ ആകട്ടെ, മററു ആഫീസർ ആകട്ടെ, താൻ എത്ര തൂക്കം ആവശ്യപ്പെടുന്നു എന്നതു, നിശ്ചയിക്കപ്പെട്ടിട്ടുള്ള ഫാറത്തിൽ സെൻട്രൽ ഡെപ്പോവിലേക്കു ഇൻഡെൻറ് അയക്കേണ്ടതാകുന്നു; എന്നാൽ അങ്ങിനെയുള്ള ആഫീസരുടെ കൈവശത്തിൽ, ഒരു മാസത്തേക്കു കൊടുക്കുന്നതിനു സാധാരണമായി ആവശ്യമുള്ളതിൽ കവിയാത്ത വിധത്തിൽ ഓരോ സാധനവും ഉണ്ടായിരിക്കയും വേണം.

X. അഫീനാകട്ടെ, കഞ്ചാവാകട്ടെ, മററു ലഹരി മരുന്നാകട്ടെ, അയക്കുമ്പോൾ സാധനത്തിന്റെ സ്വഭാവവും തൂക്കവും, കെട്ടുകളുടെ എണ്ണവും പിന്നെ ഓരോന്നിലും ഉള്ള തൂക്കവും നിശ്ചയിച്ചു എഴുതിയിരിക്കേണ്ടതാകുന്നു. ഓരോ കെട്ടിലും സ്റ്റോർകീപ്പർ സെൻട്രൽ ഡിപ്പോവിൽ വച്ചു സൂക്ഷ്മമായി തൂക്കിനോക്കി മുദ്ര പതിക്കേണ്ടതും. കെട്ടുകൾ തിരിച്ചറിയുന്നതിലേക്കായി പ്രത്യേകമായ ഒന്നോ അധികമോ അടയാളങ്ങൾ അവയോടു ചേർത്തിരിക്കേണ്ടതും ആകുന്നു.

XI. അഫീനോ, കഞ്ചാവോ, മററു ലഹരിമരുന്നോ കൊടുത്തയക്കുമ്പോൾ, അതിനെ കടത്തിക്കൊണ്ടു പോകുന്നതിലേക്ക, നിശ്ചയിക്കപ്പെട്ടിട്ടുള്ള ഫാറത്തിൽ സ്റ്റോർകീപ്പർ ഒരു പാസ്സു കൊടുക്കേണ്ടതും, അതിൽ ഓരോ കെട്ടിന്റെയും സാധനമാത്രമായും കെട്ടിലിരിക്കുമ്പോഴും ഉള്ള തൂക്കങ്ങളെയും, കെട്ടുകളെ തിരിച്ചറിയുന്നതിനുള്ള അടയാളങ്ങളെയും കെട്ടുകൾ ചെല്ലേണ്ടുന്ന സ്ഥലത്തു എത്തുന്നതിലേക്ക ന്യായമായും എന്നാൽ ആവശ്യത്തിനു കവിയാതെയും ഉള്ള സമയം അനുവദിച്ചു പാസ്സു ഇത്ര കാലത്തേക്ക സാധുവായിരിക്കും എന്നുള്ള വിവരത്തെയും സ്റ്റോർകീപ്പർ എഴുതേണ്ടതും ആകുന്നു. ആ ഡിവിഷനിലെ അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർക്ക ആ പാസിന്റെ ഒരു ഇരട്ടിപ്പ പ്രതി സ്റ്റോർകീപ്പർ ഉടനടി അഞ്ചൽ വഴി അയക്കേണ്ടതാകുന്നു.

XII. അയച്ച ഇൻഡൻറിൻ പ്രകാരം ഉള്ള സാമാനം കിട്ടുമ്പോൾ അതു കിട്ടുന്ന ഉദ്യോഗസ്ഥൻ കെട്ടുകളുടെ തൂക്കത്തിനെ ശരിതന്നെയോ എന്നു പരിശോധിക്കയും, പരിശോധനത്തിന്റെ വിവരത്തിനു ഒരു സർട്ടിഫിക്കേററും രസീതും നിശ്ചയിക്കപ്പെട്ട ഫാറത്തിൽ സെൻട്രൽ ഡിപ്പോ ചാർജ് ആയിരിക്കുന്ന അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർക്ക, അയക്കയും ചെയ്യേണ്ടതാകുന്നു.

XIII. (1) അഫീനോ കഞ്ചാവോ അല്ലെങ്കിൽ മററു ലഹരി മരുന്നോ കെട്ടി അയക്കുന്നതു സെൻട്രൽ ഡിപ്പോവിൽ നിന്നു ഒരു ഡിപ്പോയിലേക്കോ മററു ആഫീസരുടേയോ സൂക്ഷിപ്പിനോ അയക്കേണ്ടതും കെട്ടിപ്പൊതി കെട്ടുകളോ വഴിയിൽ സുരക്ഷിതം ആയിരിക്കും എന്നുള്ള ഉറപ്പിന്മേൽ വേണ്ട കരുതൽ ചെയ്യേണ്ടതും ആകുന്നു.

(2) അഫീനോ കഞ്ചാവോ മററു ലഹരി മരുന്നോ സ്വദേശീയത്തിനും സൂക്ഷ്മ സൂക്ഷിപ്പിനും ആവശ്യം ആയിട്ടല്ലാതെ സെൻട്രൽ ഡിപ്പോവിൽ നിന്നാകട്ടെ അതതു സ്ഥലങ്ങളിൽ ഉള്ള ഡിപ്പോകളിൽ നിന്നാകട്ടെ കൊടുക്കയോ അവയിലേക്ക വാങ്ങിവെക്കയോ ചെയ്യാൻ പാടില്ലാ; എന്നാൽ അവയിൽ എത്തുന്ന ദിവസം തന്നെ പരിശോധിക്കാൻ നിവൃത്തിയില്ലാത്ത വിധത്തിൽ അത്ര നേരം വൈകിയായി അഫീനോ കഞ്ചാവോ മററു ലഹരി മരുന്നോ അങ്ങിനെ ഏതെങ്കിലും ഡിപ്പോയിൽ എത്തുന്നതായിരുന്നാൽ അടുത്ത കച്ചേരി ദിവസം വേണ്ടപോലെ പരിശോധന കഴിയുന്നതിലേക്കായി അതിനെ അപ്പടിക്കുതന്നെ ഡിപ്പോവിൽ ബന്തോവസ്തായി സൂക്ഷിച്ചു വച്ചിരിക്കേണ്ടതാകുന്നു.

XIV. ഗവർമ്മെൻറു വക ശാലകളുടെ ഉപയോഗത്തിനു ആവശ്യപ്പെടുന്ന അഫീനോ കഞ്ചാവോ മററു ലഹരി മരുന്നോ സാധാരണ നിരക്കനുസരിച്ചുള്ള പണം കൊടുക്കുന്നതിന്മേൽ അതതു സ്ഥലത്തുള്ള ഡിപ്പോവിൽ നിന്നു നേരിട്ടു ഒരു പാസ്സോടുകൂടി കൊടുക്കുന്നതാകുന്നു. അങ്ങനെ കൊടുക്കുന്നതിലേക്കുള്ള അപേക്ഷകളെ സംബന്ധപ്പെട്ട ഡിപ്പാർട്ടുമെണ്ടുകൾ ഡിപ്പോ ചാർജ് വഹിക്കുന്ന സർക്കിൾ ആഫീസർക്ക അയക്കേണ്ടതാകുന്നു.

വില്പന.

XV. സർക്കാരിന്റെ സമ്മതപ്രകാരം [illegible] എക്സൈസ് കമ്മീഷണരുടേയോ അസിസ്റ്റൻറു എക്സൈസ് കമ്മീഷണരുടേയോ പക്കൽ നിന്നു ഒരു ലൈസൻസു വാങ്ങിക്കാതെ അഫീനോ കഞ്ചാവോ മററു ലഹരി മരുന്നോ വിറ്റുകൂടാ.

XVI. കരാറുകാർ അവരുടെ സ്വതന്ത്രരായ അനുവാദപത്രം ഉള്ള വിക്രയികൾ ആകട്ടെ അതതുകാലം ഗവർമ്മെൻറു ഗസററിൽ പരസ്യപ്പെടുത്തുന്നതായ നിശ്ചിത നിരക്കിനു ആവശ്യമുള്ള സാധനത്തിന്റെ വിലയെ, സംബന്ധപ്പെട്ട റേഞ്ചാഫീസർ അപേക്ഷക്കാരൻ ഒരു കരാറുകാരനോ സ്വതന്ത്രൻ ആയ അനുവാദപത്രം ഉള്ള വിക്രയിയോ ആണെന്നു സമ്മതപ്പെടുത്തിക്കൊണ്ടതിൽ പിന്നെ കൊടുക്കുന്നതായ ഒരു ചെല്ലാനോടുകൂടി ഏററവും സമീപത്തുള്ള താലൂക്ക ഖജനാവിലോ മററു ഗവർമ്മെൻറു ഖജനാവിലോ ഒടുക്കേണ്ടതാകുന്നു. ഖജനാ ആഫീസർ കൊടുക്കുന്ന രസീതിനെ കരാറുകാരനോ സ്വതന്ത്രനായ അനുവാദപത്രമുള്ള വിക്രയിയോ സ്ഥലം ഡിപ്പോവിൽ ഹാജരാക്കേണ്ടതാകുന്നു. അങ്ങനെ ഹാജരാക്കുമ്പോൾ ഡിപ്പോ ചാർജായിരിക്കുന്ന ആഫീസർ വില ഒടുക്കിയ സാധനത്തിനായി കൊടുക്കപ്പെട്ടവ

ആ സാധനം അതിനെ കടത്തിക്കൊണ്ടുപോകുന്നതിലേക്കു നിശ്ചയിക്കപ്പെട്ട പാസ്സോടുകൂടി കൊണ്ടുവരേണ്ടതും കുത്തകക്കാരൻ മരുന്നായവ വില്ക്കുന്നതിനു മുമ്പു പരിശോധിക്കുന്നതിലേക്കായി പാസ്സിന്റെ ഒരു ഇരട്ടിപ്പു പ്രതിയെ ഡെപ്പോ ചാൎജായിരിക്കുന്ന ആഫീസർ റേഞ്ചു ആഫീസുകളിലേക്കു മാത്രം ഉടനടി അയക്കേണ്ടതും ആകുന്നു.

XVII. സെൻട്രൽ ഡെപ്പോവിൽ നിന്നു അതതു സ്ഥലത്തുള്ള ഡെപ്പോകളിലേക്കു അഫീൻ ആയാൽ ൫ ശേരിനും കഞ്ചാവോ മറ്റു ലഹരി മരുന്നോ ആയാൽ ൫൦ ശേരിനും കുറവായിട്ടു കൊടുത്തുകൂടാ. അതതു സ്ഥലത്തുള്ള ഡെപ്പോകളിൽ നിന്നു കുത്തകക്കാൎക്കാകട്ടെ മറ്റു സ്വതന്ത്രരായ അനുവാദപത്രമുള്ള വിക്രയക്കാൎക്കാകട്ടെ അഫീനായാൽ ഒരു ശേരിനും കഞ്ചാവോ മറ്റു ലഹരി മരുന്നോ ആയാൽ രണ്ടു ശേരിനും കുറവായിട്ടു കൊടുത്തുകൂടാ.

എന്നാൽ ഈ സാധനങ്ങൾക്കുള്ള അപേക്ഷ കുത്തകയിലേയോ അനുവാദ പത്രത്തിലേയോ കാലാവധിയുടെ ഒടുവിലത്തെ (ക്വാൎട്ടർ) പാദവത്സരത്തേക്കു ആയിരുന്നാൽ കുത്തകയിലെയോ ലൈസൻസിലെയോ കഴിഞ്ഞുപോയ കാലഭാഗത്തിന്റെ തോതിൽ കണക്കുകൂട്ടി അപേക്ഷയിലെ കാലത്തേക്കു ശരാശരി ഉപയോഗിക്കാനിടയുള്ള തുകവരെ മാത്രമെ കൊടുക്കാൻ പാടുള്ളു എന്നു നിയന്ത്രണം ചെയ്തിരിക്കുന്നു.

XVIII. അഫീനാകട്ടെ കഞ്ചാവാകട്ടെ മറ്റു ലഹരി മരുന്നുകളുടെ വിററ തൂക്കവും അതിലേക്കു അടച്ച വിലയും ഇന്ന കാൎയ്യത്തിലേക്കായിട്ടു വാങ്ങിച്ചു എന്ന വിവരവും വിവരിക്കുന്നതായ ഒരു പാസ്സ് കൂടാതെ ഒരു സമയത്തു ഒരു തോലായിൽ കൂടുതലായി കുത്തകക്കാരനാകട്ടെ അനുവാദപത്രം ഉള്ള വിക്രയിയാകട്ടെ ജനങ്ങൾക്കു വില്ക്കരുതു.

XIX. സംഗതിയുടെ സ്ഥിതിപോലെ ദിവാന്റെയോ എക്സൈസ് കമ്മീഷണരുടെയോ അസിസ്റ്റൻറു എക്സൈസ് കമ്മീഷണരുടെയോ പക്കൽ നിന്നുള്ള ഒരു അനുവാദപത്രം കൂടാതെയോ ഒരു കുത്തകക്കാരന്റെയോ അനുവാദപത്രം ഉള്ള വിക്രയിയുടെയോ പക്കൽ നിന്നാകട്ടെ ഒരു പെൎമിറ്റു പത്രം കൂടാതെയോ അഫീനോ കഞ്ചാവോ മററു ലഹരി മരുന്നോ ഇവ ചേൎന്നുകൂട്ടു സാധനങ്ങളോ യാതൊരാളും കൈവശം വച്ചിരിക്കയോ തന്റെ സൂക്ഷിപ്പിൽ വച്ചിരിക്കയോ ചെയ്തുകൂടാ,

XX. അഫീൻ കൂട്ടിച്ചേൎത്തിട്ടുള്ള വല്ല മരുന്നും ആകട്ടെ കഞ്ചാവോ കഞ്ചാവ് ചെടിയിൽ നിന്നെടുത്ത മററു സാധനമൊ ചേൎത്തിട്ടുള്ള വല്ല കൂട്ടും ആകട്ടെ ഇറക്കുമതി ചെയ്യുന്നതിന്നൊ വില്ക്കുന്നതിന്നൊ ആഗ്രഹിക്കുന്ന മെഡിക്കൽ പ്രാക്ടീഷണർമാരും (വൈദ്യന്മാരും) മററു ആളുകളും ഓരോ തവണയും ഇറക്കുമതി ചെയ്യുന്നതിനു ഒരു രൂപാ വീതം ഫീസും വില്ക്കുന്നതിലേക്കു ആണ്ടൊന്നിനു ൫ രൂപാ വീതവും ഫീസും ഒടുക്കി ഇറക്കുമതി ചെയ്യുന്നതിലേക്കൊ വില്ക്കുന്നതിലേക്കൊ ലൈസൻസിന്നായിട്ടു ദിവാനോടൊ എക്സൈസ് കമ്മീഷണരോടൊ അസിസ്റ്റൻറു എക്സൈസ് കമ്മീഷണരോടൊ സംഗതിയുടെ സ്ഥിതിപോലെ അപേക്ഷിക്കേണ്ടതാകുന്നു. ഇങ്ങനെയുള്ള അനുവാദപത്രങ്ങൾക്കായിട്ടുള്ള അപേക്ഷയിൽ അപേക്ഷക്കാരന്റെ പേർ വാസസ്ഥലം മുതലായതും മരുന്നു മുതലായതു വാങ്ങിവെക്കയൊ വില്ക്കയൊ ചെയ്യണം എന്നു ഉദ്ദേശിച്ചിട്ടുള്ള സ്ഥാപനത്തിന്റെയൊ കടയുടെയൊ കെട്ടിടത്തിന്റെയൊ മററു സ്ഥലത്തിന്റെയൊ അതിൎത്തികളൊ സൎവ്വെ നമ്പരൊ മററു വിവരണമൊ ഇരുത്തം മരുന്നു മുതലായവയുടെ അളവും എഴുതിയിരിക്കണം.

XXI. താഴെ പറയുന്നവ അഫീൻ അടങ്ങിയ മരുന്നുകളിൽ ചിലവ ആകുന്നു:—

1. കാൺഫെൿഷ്യാ ഓപ്പൈ
2. എംപ്ലാസ്ട്രം ഓപ്പൈ
3. എക്സ്ട്രാക്ടം ഓപ്പൈ (ശുദ്ധം)
4. ടി (ലിക്വിഡാൻസ)
5. ലിനിമെണ്ടം ഓപ്പൈ
6. ലിക്വർ ഓപ്പൈ സെഡേറ്റിവസ് (ബാട്ലിന്റ്)
7. നെപെന്തി
8. പൈലുലാ ഇപ്പെകക് കം ഓപ്പിയൊ
9. ടി പ്ലംബൈ കം ഓപ്പിയൊ
10. പൈലുലാ സാപ്പോനിസ് കോ
11. പൾവീസ് ക്രേട്ടെ അരോമാടിക് കം (ഓപ്പിയൊ)
12. ടി കൊ കം ഓപ്പിയൊ
13. ടി ഐപ്പെകാക് കമ്പോസിട്ടസ്
14. ടി [illegible] ടി
15. ടി ഓപ്പൈ
16. ടി ഓപ്പൈ കമ്പോസിട്ടസ്

17. സ്പ്രാസിട്ടാലിസ് സ്പ്രം ബിക്കാർബൊസിട്ടാ
18. ലിത്തിയാ കാർബൊണേറ്റ് ടി
19. ലിത്തിയാ സിട്രേറ്റ്
20. ടി ഓക്സൈഡ് അമ്മോണിയാട്ടം
21. അന്റിമണിയൽ ടാർട്ടറസ് ഗാൾഡൻ കം
22. വൈനം ഓക്കെ
23. ആസിഡം മെക്കോണിയം
24. മാർഫിയാ { ഹൈഡ്രോക്ലോറേറ്റ് / അസീറ്റസ് / സൾഫേസ് }
25. അപ്പോമാർഫിന
26. കോഡിയെന
27. ക്ലോറോഡൈൻ

കടത്തി അയയ്ക്കൽ.

XXII സംസ്ഥാനത്തിനകത്തു കടത്തുകാരോ ലൈസൻസു (അനുവാദപത്രം) ഉള്ള വിക്രയികളോ ചട്ടം XX-ം പ്രകാരം അനുസരിച്ചുള്ള അനുവാദപത്രം ഉള്ളവരോ അഫീനോ, കഞ്ചാവോ മറ്റു ലഹരി മരുന്നോ ഇവ ചേർന്നിട്ടുള്ള വല്ല കൂട്ടുകളോ കടത്തിക്കൊണ്ടു പോകുന്നതു താഴെ പറയുന്ന വ്യവസ്ഥകൾ അനുസരിച്ചല്ലാതെ പാടില്ലെന്നു വിരോധിച്ചിരിക്കുന്നു:—

ഒരു സെപ്പറേറ്റ് റേഞ്ചു ഡിവിഷനിൽനിന്നു മറ്റൊന്നിലേക്കു അഫീനോ, കഞ്ചാവോ, മറ്റു ലഹരി മരുന്നോ ഇവയിൽ വല്ലതും ചേർന്നിട്ടുള്ള കൂട്ടുസാധനമോ കടത്തിക്കൊണ്ടു പോകണം എന്നു ഇച്ഛിക്കുന്ന കടത്തുകാരനോ അനുവാദപത്രം ഉള്ള വിക്രയിയോ മുൻപറഞ്ഞപ്രകാരമുള്ള അനുവാദപത്രമുള്ളവനോ ഓരോ സാധനശേഖരത്തിനും കമ്മിഷണരുടെ പക്കൽനിന്നാകട്ടെ, അസിസ്റ്റൻറു കമ്മിഷണരുടെ പക്കൽനിന്നാകട്ടെ ഒരു പാസ്സും, പാസ്സ് ഒരു താലൂക്കിൽനിന്നു മറ്റൊരു താലൂക്കിലേക്കാണെങ്കിൽ അസിസ്റ്റൻറു കമ്മിഷണരുടെ പക്കൽനിന്നോ, സർക്കിൾ ആഫീസരുടെ പക്കൽനിന്നോ, റേഞ്ചാഫീസരുടെ പക്കൽനിന്നോ ഒരു പാസ്സും, ഒരു റേഞ്ചിൽതന്നെ ഒരു കടയിൽനിന്നു മറ്റൊരു കടയിലേക്കാണെങ്കിൽ ടി ആഫീസർമാരുടെ പക്കൽനിന്നോ, റേഞ്ച് ഇൻസ്പെക്ടരുടെ പക്കൽനിന്നോ, ആരുടെ ലൈസൻസിലെ അതിർത്തിക്കകത്തു കടകൾ ഇരിക്കുന്നുവോ അങ്ങനെയുള്ള കടത്തുകാരനോ ഒരു അനുവാദപത്രത്തോടുകൂടിയ വിക്രയിയുടെയോ പക്കൽനിന്നോ ഒരു പാസ്സും വാങ്ങിക്കേണ്ടതാകുന്നു. യാതൊരു കടത്തുകാരനോ അനുവാദപത്രം ഉള്ള വിക്രയിക്കോ തന്റെ ലൈസൻസിലെ അതിർത്തിക്കു വെളിയിൽ അഫീനാകട്ടെ, കഞ്ചാവാകട്ടെ, മറ്റു ലഹരി മരുന്നാകട്ടെ, ഇവ ചേർന്ന മരുന്നുകളോ കൂട്ടുമരുന്നുകളോ ആകട്ടെ കൊണ്ടുപോകയോ കൊണ്ടുപോകുവാൻ സംഗതിയാക്കുകയോ ചെയ്യുന്നതിനു അധികാരം ഇല്ലാത്തതാകുന്നു.

XXIII. (എ) ആർക്കു പാസ്സു കൊടുക്കപ്പെട്ടുവോ അയാളുടെ പേരും

(ബി) സാധനശേഖരം ആരു ഏറ്റുകൊണ്ടു പോകുന്നുവോ അയാളുടെ പേരും.

(സി) ഏതു സ്ഥലത്തുനിന്നു കൊടുക്കപ്പെട്ടുവോ ആ സ്ഥലവും.

(ഡി) ആരു സാധനശേഖരം കൊണ്ടുപോകുന്നുവോ അയാളുടെ പേരും.

(ഇ) പെട്ടികളുടെ എണ്ണവും ഓരോ പെട്ടിയുടെയും തൂക്കവും അതിൽ അടങ്ങിയ സാധനത്തിന്റെ വിവരവും.

(എഫ്) സാധനശേഖരം എവിടേക്കു കൊണ്ടുപോകുന്നു എന്നുള്ള വിവരവും.

(ജി) കൊണ്ടുപോയി ചേർക്കുന്നതിനു അനുവദിച്ചിട്ടുള്ള കാലവും.

(എച്ച്) ഏതു വഴിയിൽകൂടി കൊണ്ടുപോകണം എന്നും.

(ഐ) പാസ്സു കൊടുക്കുന്ന ആഫീസരുടേയോ മററാളുടേയോ പേരും ഒപ്പും പാസിൽ വിവരിച്ചിരിക്കണം.

XXIV. മുൻപറഞ്ഞപ്രകാരം കൊടുക്കപ്പെടുന്ന ഓരോ പാസിനും ഒരു ഇരട്ടിപ്പു പ്രതി അതു കൊടുക്കുന്ന ആഫീസരോ മററു ആളോ, ആരുടെ റേഞ്ചിലേക്കു സാധനശേഖരം കൊണ്ടുപോകപ്പെടുന്നുവോ ആ റേഞ്ചിലെ ഇൻസ്പെക്ടർക്കു അഞ്ചൽമാർഗ്ഗം അയയ്ക്കേണ്ടതാകുന്നു.

XXV. പാസിന്റെ ഇരട്ടിപ്പു ഏതു ആഫീസർക്കു അയക്കപ്പെട്ടുവോ, ആ ആഫീസർ പരിശോധിക്കുന്നതിനായി, പാസിനെയും സാധനത്തെയും അവ എത്തുമ്പോൾ ഹാജരാക്കേണ്ടതാകുന്നു. അതിന്മേൽ സർക്കിൾ ആഫീസരോ മറ്റു ആഫീസരോ ഈ ചട്ടങ്ങളിൽ XII-ം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം നടപടി ചെയ്യേണ്ടതാകുന്നു.

XXVI. കുത്തകക്കാർ മുതലായവർ പൊതുജനങ്ങൾ അല്ലാത്തവർക്കു അഫീനൊ, കഞ്ചാവോ, മറ്റു ലഹരിമരുന്നൊ, ഇവകൊണ്ടുള്ള വല്ല കൂട്ടുസാധനമോ താഴെ പറയുന്നപ്രകാരം വിൽക്കാവുന്നതാകുന്നു:—

(a) ഒരു കുത്തകക്കാരൻ.

(എ) തന്റെ ലൈസൻസിലെ അതിർത്തികൾക്കകത്തു അനുവാദപത്രമുള്ള അസ്വതന്ത്രരായ വിക്രയികൾക്കും;

(ബി) മെഡിക്കൽ പ്രാക്റ്റീഷണർമാക്കും വിൽക്കാവുന്നതാകുന്നു.

(b) അനുവാദപത്രം ഉള്ള അസ്വതന്ത്രൻ ആയ വിക്രയി

(എ) കുത്തകക്കാരന്റെ ലൈസൻസിലെ അതിർത്തികൾക്കകത്തു കുത്തകക്കാരന്റെ അനുവാദത്തോടുകൂടി അനുവാദപത്രമുള്ള അസ്വതന്ത്രനായ മറ്റൊരു വിക്രയിക്കും;

(ബി) അയാളുടെ കടയുടെ അതിർത്തികൾക്കകത്തു വച്ചു മെഡിക്കൽ പ്രാക്റ്റീഷണർമാക്കും വിൽക്കാവുന്നതാകുന്നു.

XXVII. മുമ്പു പറഞ്ഞപോലെ അനുവാദപത്രം ഉള്ള ഒരു കടയിൽനിന്നു മറ്റൊരു കടയിലേക്കു അഫീനോ, കഞ്ചാവോ, മറ്റു ലഹരി മരുന്നോ കടത്തിക്കൊണ്ടു പോകപ്പെടുമ്പോൾ കുത്തകക്കാരനൊ വിക്രയിയൊ അയാളാൽ ക്രമപ്രകാരം അധികൃതനായ ഏജന്റോ പാസ്സു കൊടുക്കേണ്ടതാകുന്നു. അങ്ങനെയുള്ള പാസിനെ എക്സൈസ്, പോലീസ്, റെവന്യൂ ഈ ഡിപ്പാർട്ടുമെന്റുകളിലെ ഏതു ആഫീസരും പരിശോധനയ്ക്കു ആവശ്യപ്പെട്ടാൽ ഹാജരാക്കേണ്ടതാകുന്നു.

പൊതുച്ചട്ടങ്ങൾ.

XXVIII. സെന്റ്രൽ ഡിപ്പോവിൽനിന്നൊ (ലോകൽ) അതതു സ്ഥലത്തുള്ള ഡിപ്പോവിൽനിന്നൊ റെയിലിൽ പോകയൊ അവിടെ ചെല്ലുകയൊ ചെയ്യുന്ന ഏതാളുടെയും കൈവശത്തു ഈ ചട്ടങ്ങളാൽ അനുവദിക്കപ്പെടാത്ത അഫീനോ കഞ്ചാവോ മറ്റു ലഹരി മരുന്നോ ഉണ്ടോ എന്നു നിശ്ചയിക്കുന്നതിലേക്കായി ആവശ്യം ഉണ്ടെങ്കിൽ അയാളെ പരിശോധിക്കാൻ ഇടയുള്ളതാകുന്നു.

XXIX. (ലൈസൻസുകാരനു) അനുവാദപത്രധാരി മേൽപ്പറഞ്ഞ ചട്ടം അനുസരിച്ചു കൊടുക്കപ്പെട്ട അനുവാദപത്രം ഉണ്ടെന്നു വച്ചു ശുദ്ധമേ വൈദ്യസംബന്ധം അല്ലാത്ത കാര്യങ്ങൾക്കു അഫീനോ, കഞ്ചാവോ, മറ്റു ലഹരി മരുന്നോ, ഇവ ചേർന്ന വല്ല സാധനമോ കൂട്ടുസാധനമോ കച്ചവടം ചെയ്യുന്നു എന്നു സ്ഥാപിക്കപ്പെട്ടാൽ അങ്ങനെയുള്ള ലൈസൻസ റദ്ദു ചെയ്യപ്പെടുന്നതിന്നു ഇടയാകുന്നതാകുന്നു.

XXX. അഫീൻ, കഞ്ചാവു, മറ്റു ലഹരിമരുന്നു ഇവയും ഇവ ചേർന്ന സാധനങ്ങളും വിൽക്കുന്നതിലേക്കുള്ള അവകാശത്തെ അതതുകാലത്തു നിശ്ചയിക്കപ്പെടാവുന്ന വിധത്തിലും പൊതുവായൊ പ്രത്യേകമായൊ ഉള്ള വില്പന വ്യവസ്ഥകൾക്കു ഉൾപ്പെട്ടും, ദിവാനൊ, എക്സൈസ് കമ്മിഷണരൊ, അസിസ്റ്റന്റു എക്സൈസ് കമ്മിഷണരൊ മിഥുനമാസത്തിൽ ലേലത്തിൽ വിൽക്കുന്നതും ആ അവകാശം

(A) (എ) സംസ്ഥാനം മുഴുവനിലേക്കൊ

(ബി) ഒരു സെപ്പറേട്ട് റെവന്യൂ ഡിവിഷനിലേക്കൊ

(സി) രണ്ടു സംവത്സരത്തിൽ കൂടുതലല്ലാത്ത ഒരു കാലത്തേക്കു ഒന്നോ അധികമോ താലൂക്കുകളിലേക്കൊ

വ്യാപിക്കുന്നതും അല്ലെങ്കിൽ,

(B) ഒരു സംവത്സരത്തിൽ കവിയാത്ത ഒരു കാലത്തേക്കു, പകുതികൾക്കൊ കടകൾക്കൊ ആയിട്ടു കണക്കാക്കപ്പെട്ടു വ്യാപിക്കുന്നതും ആകുന്നു.

(2) എക്സൈസ് കമ്മിഷണരൊ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണരൊ നടത്തുന്ന വിധികൾ മീതെ അപ്പീൽ ബോധിപ്പിക്കുന്നതല്ലെങ്കിൽ മേൽ സാധുവാകുന്നതാകുന്നു.

XXXI. ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്തു അഫീനൊ, കഞ്ചാവൊ മററു ലഹരി മരുന്നൊ ഇവ ചേൎന്ന സാധനങ്ങളൊ ചില്ലറയായി വിൽക്കുന്നതിന്നു ഏററവും കൂടിയ നിരക്കുകളെന്താണെന്നും ഏററവും കുറഞ്ഞ നിരക്കുകളെന്താണെന്നും ഗവർമെന്റു അതതു കാലത്തു നിശ്ചയിക്കുന്നതാകുന്നു. അങ്ങനെ നിശ്ചയിക്കപ്പെടാവുന്ന ഏററവും കുറഞ്ഞ നിരക്കിൽ കുറവായൊ, ഏററവും കൂടിയ നിരക്കിൽ കൂടുതലായൊ അഫീനൊ, കഞ്ചാവൊ, മററു ലഹരിമരുന്നൊ, ഇവ ചേൎന്ന കൂട്ടുസാധനങ്ങളൊ വില്ക്കരുതു.

XXXII. അഫീനിൽ ചേൎത്തു ഉണ്ടാക്കുന്ന പുക വലിക്കാനുള്ള യാതൊരു കൂട്ടും വില്ക്കരുതു. എന്നാൽ, തങ്ങൾ ന്യായമായി കൈവശം വച്ചിരിക്കാവുന്ന അഫീനിൽ നിന്നു പുക വലിക്കുന്നവർ തങ്ങളുടെ ആവശ്യങ്ങളിലേക്ക ഒരേകാലത്തു ഒരു തോലായിൽ അധികപ്പെടാതെ ആ വിധം കൂട്ടു ഉണ്ടാക്കിക്കൊള്ളാവുന്നതാകുന്നു. യാതൊരു സംഗതിയിലും, അഫീൻ ചേൎന്നതാകുന്ന പുക വലിപ്പാനുപയോഗിക്കുന്ന സാധനങ്ങളെ, അനുവാദപത്രമുള്ള കടകളിൽ വില്ക്കരുതു.

XXXIII. ഒരു കുത്തകക്കാരന്റേയൊ അനുവാദപത്രമുള്ള വിക്രയിയുടേയൊ ലൈസൻസ് കാലാവസാനമാകയൊ, റദ്ദാകയൊ, ഇന്നപ്രോകയൊ ചെയ്യുന്നതിന്മേൽ അയാളുടെ കൈവശം അഫീനൊ, കഞ്ചാവൊ, മററു ലഹരിമരുന്നൊ ഇവ ചേൎന്ന സാധനങ്ങളൊ ഉണ്ടായിരുന്നാൽ അവയെ അയാൾ സംഗതിപോലെ, എക്സൈസ് കമ്മിഷണരുടേയൊ അസിസ്റ്റന്റ് എക്സയിസ് കമ്മിഷണരുടേയൊ സർക്കിൾ ആഫീസരുടേയൊ കൈവശം ഏല്പിച്ചുകൊടുക്കേണ്ടതും, സാധനത്തിന്നു സാരമായ വല്ല കേടും തട്ടീട്ടില്ലാത്തപക്ഷം ആ കുത്തകക്കാരനൊ ആ വിക്രയിയൊ വിലകൊടുത്തിരുന്ന നിരക്കിൽ കവിയാത്ത ഒരു നിരക്കിനു ആ സാധനത്തിന്റെ വില അയാൾക്ക ആ ആഫീസർ കൊടുക്കേണ്ടതും ആകുന്നു.

XXXIV. (1) റെഗുലേഷനുകൾ അനുസരിച്ചു സക്കാരിലേക്ക അടക്കുന്നതൊ ഈ ചട്ടങ്ങൾ അനുസരിച്ചു ആഫീസർമാരുടെ കൈവശം ഏല്പിച്ചുകൊടുക്കപ്പെടുന്നതൊ ആയ അഫീനിനേയൊ കഞ്ചാവിനേയൊ മററു ലഹരിമരുന്നിനേയൊ എക്സൈസ് കമ്മിഷണരൊ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണരൊ പരിശോധിക്കേണ്ടതും സാധനം ഉപയോഗത്തിന്നു കൊള്ളുന്നതോ കൊള്ളാത്തതോ എന്നു നിശ്ചയിക്കുന്നതിന്നു, ഈ ആഫീസർക്ക കഴിവില്ലെങ്കിൽ അതിനെ കെമികൽ എക്സാമിനർക്ക അയക്കാവുന്നതും ആകുന്നു. പരിശോധിച്ചതിന്റെ ശേഷം സാധനത്തെ അതിന്മേൽ തനിക്കുള്ള അഭിപ്രായത്തോടു കൂടി കെമികൽ എക്സാമിനർ തിരികെ അയക്കേണ്ടതാകുന്നു.

(2) സാധനം ഉപയോഗത്തിന്നു കൊള്ളുന്നതാണെന്നു നിശ്ചയിക്കപ്പെട്ടാൽ എക്സൈസ് കമ്മിഷണരൊ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണരൊ അതിനെ സ്റ്റാക്കിനോടു ചേൎത്തു വച്ചുകൊള്ളുന്നതിന്നു ഏററവും സമീപത്തുള്ള ലോക്കൽ ഡെപ്പോവിലേക്ക അയക്കേണ്ടതാകുന്നു. സക്കാരിലേക്ക ചേൎക്കപ്പെട്ട സാധനം ഉപയോഗത്തിന്നു കൊള്ളാത്തതാണെന്നു നിശ്ചയിക്കപ്പെട്ടാൽ അതിനെ എക്സൈസ് കമ്മിഷണരുടേയൊ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണരുടേയൊ ഇതിലേക്കായി നിശ്ചയിക്കപ്പെട്ട മററു വല്ല ആഫീസരുടെ മുമ്പാകെ വെച്ചു ഉടൻതന്നെ നശിപ്പിക്കേണ്ടതാകുന്നു.

(3) അഫീൻ റെഗുലേഷൻ പ്രകാരം സക്കാരിലേക്ക ചേൎക്കപ്പെട്ടതൊ ഈ ചട്ടങ്ങൾ അനുസരിച്ചു ആഫീസർമാരുടെ കൈവശം ഏല്പിച്ചുകൊടുക്കപ്പെട്ടതൊ ആയ അഫീൻ ചേൎന്ന സാധനങ്ങളെ ഉടനടി നശിപ്പിക്കേണ്ടതാകുന്നു.

XXXV. അഫീനൊ കഞ്ചാവൊ മററു ലഹരി മരുന്നൊ സംബന്ധിച്ചിട്ടുള്ള വല്ല കേസിനേയും ഇൻസ്പെക്ടർ കുററം അല്ലെന്നു വിട്ടയക്കുമ്പോൾ അങ്ങിനെ തള്ളിയതിനെ പററി ഒരു റിപ്പോർട്ട് അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർക്ക അയക്കേണ്ടതും ആ സാധനത്തെ നശിപ്പിക്കേണ്ടതാണെന്നു ഇൻസ്പെക്ടർ വിചാരിക്കുന്ന സംഗതികളിൽ ഒഴികെ അതിനെ ആരുടെ കൈവശത്തിൽ നിന്നു എടുത്തുവോ അയാൾക്ക തന്നെ തിരികെ കൊടുക്കേണ്ടതും ആകുന്നു. അതിനെ നശിപ്പിക്കണം എന്നു ഇൻസ്പെക്ടർ വിചാരിക്കുന്ന പക്ഷം ഇൻസ്പെക്ടർ തന്റെ റിപ്പോർട്ടിനോടു കൂടി പിടിച്ച സാധനത്തെ അസിസ്റ്റന്റ് എക്സൈസ ക

മിഷണൎക്കു അയച്ചുകൊടുക്കേണ്ടതും ഈ ആഫീസർ ഈ ചട്ടങ്ങളിൽ XXXIV-ം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള വിധത്തിൽ അതിന്റെ കാൎയ്യത്തിൽ നടപടി ചെയ്യേണ്ടതും ആകുന്നു; എന്നാൽ ഈ ചട്ടങ്ങളെ അനുസരിച്ചു പിടിക്കപ്പെടുന്ന യാതൊരു സാധനത്തെയും തിരികെ കൊടുക്കയൊ നശിപ്പിക്കയൊ ചെയ്യുന്നതു എക്സൈസ് കമ്മിഷണരുടേയൊ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണരുടേയൊ പക്കൽ നിന്നു അതിലേക്കു ഉത്തരവു ലഭിക്കുന്നതിനു മുമ്പെ പാടില്ലാത്തതാകുന്നു.

XXXVI. അഫീൻ റെഗുലേഷനിലും കലാൽ റെഗുലേഷനിലും പറഞ്ഞിട്ടുള്ള പ്രകാരം എക്സൈസ് ഡിപ്പാൎട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാൎക്കും സംസ്ഥാനത്തിലെ ഡിപ്പാൎട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാൎക്കും ടി റെഗുലേഷൻ ഏതെങ്കിലും അനുസരിച്ചു വല്ല സാധനവും പിടിക്കപ്പെടുകയൊ സൎക്കാരിലേക്കു ചേൎക്കപ്പെടുന്ന സംഗതികളിൽ വിവരം പറഞ്ഞുകൊടുത്ത ആളുകൾക്കും ഇനാം കൊടുക്കുന്നതു താഴെ പറയുന്ന ചട്ടപ്രകാരം ക്രമപ്പെടുത്തപ്പെടുന്നതാകുന്നു—

സംസ്ഥാനത്തിലെ എക്സൈസ് ഡിപ്പാൎട്ടുമെന്റിലേയോ മറ്റു ഡിപ്പാൎട്ടുമെണ്ടുകളിലേയോ ഉദ്യോഗസ്ഥന്മാർ പ്രത്യേകം അപകടമൊ പ്രയാസമൊ സ്വസുഖത്യാഗമൊ വിശേഷാൽ ധൈൎയ്യമൊ അഭിനന്ദനീയമായ ഔത്സുക്യമൊ സാമൎത്ഥ്യമൊ കാണിച്ചിട്ടുള്ള സംഗതികളിലും അല്ലെങ്കിൽ സത്യസന്ധതിക്കു ശരിയായ വിവരം ആദ്യമായി പറഞ്ഞുകൊടുത്തു സാധനത്തെ പിടിക്കുന്നതിനൊ കണ്ടുപിടിക്കുന്നതിനൊ ഇടയാക്കിയതു മറ്റു വല്ല ആളും ആണെങ്കിൽ ആ സംഗതികളിലും പിടിക്കപ്പെടുകയൊ സൎക്കാരിലേക്കു ചേൎക്കപ്പെടുകയൊ ചെയ്ത സാധനത്തിന്റെ വിലയിൽ പകുതിയിൽ കവിയാത്ത ഒരു ഇനാം കൊടുക്കുന്നതിലേക്കു കമ്മിഷണർ ദിവാനോടു ശിപാൎശചെയ്യാവുന്നതാകുന്നു.

XXXVII. ഈ ചട്ടങ്ങളിൽ വല്ലതിനേയും ലംഘിക്കുന്ന ഏതു ആളും അഫീൻ റെഗുലേഷനിലേയും അബ്കാരി റെഗുലേഷനിലേയും വ്യവസ്ഥകളുടെ ലംഘനത്തിനു ഉള്ളതുപോലുള്ള ശിക്ഷക്കു പാത്രമാകുന്നതാകുന്നു.

XXXVIII. ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന ഏതു ചട്ടം ആകട്ടെ പരസ്യം ആകട്ടെ ഈ ചട്ടങ്ങൾക്കു വിരോധമായിട്ടല്ലാതെ ഇരിക്കുന്നേടത്തോളം ആ ചട്ടത്തിനൊ പരസ്യത്തിനൊ ഈ ചട്ടങ്ങളിൽ അടങ്ങിയ യാതൊന്നും ബാധകമായിരിക്കുന്നതല്ല.

ഹജൂർക്കച്ചേരി ക്യാമ്പു, കൊല്ലം.
൨൮-ാം ആഗസ്റ്റു ൧൯൦൭.

എസ്. ഗോപാലാചാൎയ്യർ.
ദിവാൻ.

No. J. 3122.

Notification.

It is hereby notified that under sanction of His Highness the Maha Rajah, the undermentioned Munsiffs are on the recommendation of the High Court, invested under section 4 of Regulation I of 1077 with jurisdiction to try as Small Causes all suits except those specified in the Schedule appended to the said Regulation, the amount or value of which does not exceed Fifty Rupees, arising within the local limits of their respective jurisdiction.

(1) Mr. R. Pappu Pillai, B. A. & B. L., Acting, Haripad.

(2) Mr. M. R. Venkataramier, B. A. & B. L., Acting, Neyyatinkara.

Huzur Cutcherry,
Trivandrum,
31st August, 1907.

V. NAGAM AIYA,
Senior Dewan Peishkar
In charge.

പരസ്യം

ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ ഹരിപ്പാട് ആക്ടിംഗ് മുൻസിഫ് മിസ്റ്റർ ആർ. പപ്പുപിള്ള ബി. ഏ. ബി. എൽ. നെയ്യാറ്റിങ്കര ആക്ടിംഗ് മുൻസിഫ് മിസ്റ്റർ എം. ആർ. വെങ്കിട്ടരാമയ്യർ ബി. ഏ. ബി. എൽ. [illegible] [illegible] [illegible] [illegible] [illegible] ഇവരെ [illegible] അധികാരം കൊടുത്തിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
[illegible] ആഗസ്റ്റ് [illegible]

വി. നാഗമയ്യാ
സീനിയർ ദിവാൻപേഷ്കാർ
ഇൻചാർജ്.

NOTIFICATION.

It is hereby notified that no public servant shall be relieved of his work until his pension is settled and Government order is received on the subject. When that order is received the pensioner shall be retired either on that day or as early as the exigencies of the service will permit. No public servant should be allowed to hang about asking for his pension being settled.

Huzur Cutcherry,
Trivandrum,
31st August, 1907.

V. NAGAM AIYA,
Senior Dewan Peishkar
In charge.

പരസ്യം

ഇതിനാൽ പരസ്യപ്പെടുത്തുന്നതെന്തെന്നാൽ ഒരു സർക്കാർ ജീവനക്കാരന്റെ [illegible] ഇപ്പോൾ ഗവർമെന്റ് [illegible] ജോലിയിൽനിന്നു വിടുന്നതു [illegible] ദിവസം തന്നെയോ സർക്കാർ കാര്യത്തിന്റെ ആവശ്യം [illegible] ജോലിയിൽ നിന്നു വിടുന്നതാകുന്നു. യാതൊരു സർക്കാർ ജീവനക്കാരനും [illegible] ഇടവരുത്തരുത്.

ഹജൂർകച്ചേരി.
തിരുവനന്തപുരം
[illegible] ആഗസ്റ്റ് [illegible]

വി. നാഗമയ്യാ
സീനിയർ ദിവാൻപേഷ്കാർ
ഇൻചാർജ്.

Rules regarding Distilleries, Warehouses and Excise Depots.

1. These rules shall apply to all distilleries, warehouses and excise depots in the State worked on the contract system and shall be applicable only in so far as they are not inconsistent with the terms of the special license granted to each licensee. Application of the rules. M. R. 1.

2. In these rules unless the contrary appears from the context:— Definitions. M. R. 2.

(1) 'Spirit Store' means the part of a distillery where the receivers are kept.

(2) 'Warehouse' means the part of a distillery or any other building whether attached to it or not in which spirits in a fit state for consumption or intended for redistillation are kept.

(3) 'Excise Depot' means any building or room wherein any kind or kinds of spirits are kept for issue to licensed vendors.

(4) 'Receiver' means any vessel into which the worm of a still discharges.

(5) 'Vat' means any vessel used for the storage of spirits in a distillery, warehouse or excise depot.

(6) 'Issued under bond' means issued for transport (under bond) to another distillery, warehouse or excise depot.

(7) 'Distillery Inspector' includes any officer above the rank of a peon who is appointed to be in charge of any distillery, warehouse or excise depot.

(8) 'Licensee' includes his agent also.

(9) 'Toddy Arrack' means arrack distilled from toddy drawn from coconaut palms.

(10) 'Jaggery Arrack' means arrack distilled from toddy drawn from palms other than coconaut or from jaggery, molasses or other starchy materials.

(11) 'Gallon' means the imperial gallon of 277·274 cubic inches.

(12) 'To Gauge' means to determine the quantity of spirits contained in or taken from any receptacle, or to determine the capacity of a cask or other receptacle.

(13) 'To Prove' means to test the strength of spirits by an hydrometer or other suitable instrument.

(14) 'Received by transfer' means received from another vessel of the same kind or from another warehouse, distillery or excise depot.

(15) 'Issued by transfer' means transferred to another vat within the distillery or to another warehouse, distillery or excise depot.

3. The Dewan shall be the final authority in the interpretation of these Rules whenever any doubts may arise in working them. Dewan final authority in the interpretation of the Rules.

4. Every licensee for the supply of arrack shall set up and work a distillery or warehouse at such places as may be fixed by Government from time to time (notice calling for tenders) and in such buildings as shall be approved by the Excise Commissioner. Opening of Distilleries, Depots &c.

5. Every licensee shall also open depots for the issue of liquors at such centres as may be fixed by the said officer. Provided that it shall be competent to the Excise Commissioner to excuse the licensee from the maintenance of any depot if the licensee undertakes to pay the cost of carriage of liquor from his nearest depot according to rates fixed by Government or as may be agreed upon between him and the licensed vendors.

Alterations or additions to the buildings, stills &c.

6. The licensee shall with his tender submit descriptions and plans of the building in which he proposes to establish his distillery, warehouse, or excise depot; shall state the description and size of the still and other permanent apparatus he proposes to use, and if the same are accepted no alteration or addition shall be made at any stage in or to such buildings or in or to the stills, vats or other permanent apparatus therein without the permission of the Excise Commissioner.

Control of Distilleries. [illegible]

7. Each distillery, warehouse or excise depot shall ordinarily be under the control of an Excise Inspector; and such distillery, warehouse or excise depot and each room wherein spirits are kept shall be secured with double locks, one to be affixed by the Distillery Inspector and the other by the licensee.

Condition to be satisfied by buildings.

8. Each building used as a distillery, warehouse or excise depot and each room where more than 300 gallons of spirits are stored shall be provided with ceiling and shall be fitted with ventilators. The ventilators shall also be fitted with wire mesh. Each building shall as far as possible be well situated and with sufficient protection against outside interference, and it shall have only one door for ingress and egress.

Arrangement of stills &c. M. R. 5.

9. (a) The licensee shall so arrange his stills that their worms shall discharge into closed and locked receivers to be provided by him and to be approved by the Excise Commissioner or the Assistant Excise Commissioner, of such description that no spirits can be removed from them until they are unlocked. He shall also provide and maintain suitable and secure fastenings, for the attachment of locks to be provided by Government, to all stills, spirit receivers (and vats), fermentation rooms, sheds, doors &c., to the satisfaction of the Assistant Excise Commissioner.

(b) The Government Officer in charge of the institution shall retain the keys of all such locks, but it shall be open to the licensee to affix his own locks also on anything on which Government locks are placed provided he shall remove them immediately on the requisition of the Inspector or other superior officer of the Excise Department for facilitating inspection.

M. R. 6.

10. Between each still and the spirit receiver or receivers there shall be a glass "Safe" furnished with Hydrometer (Sykes') capable of showing the strength of liquor down to water so that both the quantity and strength of the spirits running into the receiver may be examined at any time. The officer in charge of the distillery shall during each distillation examine the spirits running into the receiver not less than once and enter the result in his diary.

M. R. 7

11. The licensee shall so arrange his spirit receivers and store vats that the spirits may be conveyed through closed pipes from the former into the latter by gravitation, or where this is not practicable shall provide apparatus wherby the spirits can be pumped from the former to the latter through closed pipes.

M. R. 8.

12. All receivers and vats in the distillery shall be so placed as to admit of the contents being accurately gauged or measured and must be fitted to the satisfaction of the Excise Commissioner or the Assistant Excise Commissioner with proper dipping rods so adjusted to fixed dipping places that the contents thereof may at any time be ascertainable. The receivers and vats shall also be gauged in such manner as the Excise Commissioner may from time to time direct; and no vessel shall be used as a receiver or store vat until it has been gauged and the gauging has been checked by such officer as the Excise Commissioner may appoint.

Licensee to give notice of beginning of distillation. M. R. 9.

13. The licensee shall give to the Assistant Excise Commissioner fifteen days' notice in writing of the date on which he proposes to begin to distil.

14. In case the licensee shall cease distilling or the issuing of spirits for a period exceeding one month, the Excise Commissioner may withdraw the establishment stationed at the distillery and may prohibit all further distillation and issue of spirits until the licensee has given the Assistant Excise Commissioner fifteen days' notice in writing of the date on which he proposes to recommence the distilling or the issuing of spirits and until he is permitted by the Excise Commissioner to recommence the distilling or the issuing of spirits as the case may be. Power to withdraw establishments.

15. The strength of the establishment maintained at distilleries, warehouses or excise depots shall ordinarily be one Inspector and two peons; but when in the opinion of the Excise Commissioner such guard does not afford sufficient security it may be increased at his discretion and the licensee shall be held responsible for the extra cost entailed on Government by such additional establishment. Strength of establishment. M. R. 11.

16. The licensee shall keep true and regular accounts of the quantity and strength of spirits manufactured at, issued from, received at and remaining in, the distillery, warehouse or excise depot, besides the registers in the forms appended hereunder. These should be produced for inspection whenever required by the officer in charge of the distillery or other superior officer of the Excise Department in this behalf and the licensee shall be bound to furnish such other information or returns as may be required by the Excise Commissioner from time to time. It shall be the duty of the officer in charge of the distillery and the Circle Officer to inspect the licensee's accounts once a week and once a month respectively and to report to their superior authority any adjustable errors. Accounts to be kept by licensees M. R. 40.

17. An account will be taken of stock at such intervals not being greater than three months and in such manner as the Excise Commissioner may direct, and the licensee shall pay duty to Government at the accepted rate on all spirits which may not be forthcoming and for which he is unable to account in excess of an allowance of 1½ per cent. which will be granted to him for wastage. This wastage shall be calculated only by the register of the depot transactions on the balance in hand at stock taking wastage for the purpose of collection of duty on the excess as aforesaid shall be calculated annually, that is, at the end of each official year. Stock taking. M. R. 41

In cases of accident and other unavoidable loss of over a hundred gallons, special allowance may be made by the Dewan for wastage; but no wastage shall be claimed or will be allowed in the case of loss caused by the delay or defection of the Government servants in the distillery.

18. All spirits shall be kept in a store-room, the key of which will be kept by the officer in charge. Spirits to be kept in store-room. M. R. 18.

19. No spirits shall be received into or removed from any warehouse or excise depot except under cover of a permit issued by the officer in charge in Form No. X in the case of removals or issues under bond and in Form XI in the case of issues to licensed vendors. The receipt of spirits into and issue of spirits from warehouses &c. M. R. 25.

20. The licensee shall be bound to set apart a side room in each distillery, warehouse or depot for the office of the officer in charge to suit his requirements and another for the use of the Government guards stationed at each distillery, warehouse or depot free of rent. He shall also provide suitable quarters near the distillery, warehouse or depot when required by them for the officer in charge, peons and other officers attached thereto on a monthly rent not exceeding the following rates:— Licensee to provide quarters for establishment on payment of rent. M. R. 31.

For each Inspector	Rs. 5
For each Petty Officer on Rs. 12 or more	Re. 1
For each peon one room	Re. ½

Government not liable for loss &c. of spirits in distilleries and warehouses. R. B. 31.

21. Government shall not be held responsible for the destruction, loss or damage of any spirits stored in distilleries or deposited in warehouses and excise depots by fire or theft or by gauging or proof or by any other cause whatever. In case of fire or other accident, officers in charge of distilleries, warehouses or excise depots shall immediately attend to open the same at any hour by day or night.

Preparation of wash. Wash not to be removed.

22. No wash shall be prepared except within the distillery, nor shall any wash be on any account removed from the distillery, and all wash shall be kept securely locked up in such places as the Excise Commissioner may approve. The licensee must see that the saccharine materials used by him are thoroughly dissolved when he sets up the wash, submit a declaration in writing in the prescribed form to the officer in charge of the distillery giving the actual saccharometric gravity corrected for temperature before fermentation commences and the total quantity of wash made, and generally afford him all the information which he may require bearing on the question of practicability of levying a charge from attenuation of wash.

Noxious materials not to be used R. B. 32

23. The materials to be used in distilling shall be of good quality and no ingredients noxious to health shall be used in the wash, in distillation, or be put into the spirits after they have been made. It shall be open to the Excise Commissioner to declare any drug or vegetable or animal substance noxious to health and to prohibit the use of any material in the preparation of any kind of arrack. Officers in charge of distilleries shall see that no foreign or noxious substances are put into the wash or into the still or into any receiver or vat or introduced by any means into any of these. For this purpose they shall daily inspect the stills, receivers, vats and pipes connecting them to see that there exist no holes or apertures or other arrangements whereby foreign substances could be introduced. Should on the inspection of the officer in charge of the distillery there arise any suspicion of introduction of foreign matter, he shall lock and seal up such receiver or vat pending the orders of the Excise Commissioner or Assistant Excise Commissioner to whom the matter should be reported immediately with all details.

Spirits shall be of good quality and not inferior to the sample

24. The spirits manufactured shall be of good quality and not inferior in any way to the sample furnished by the licensee with his tender. A portion of this sample will be kept by the officer in charge of the distillery and maintained as a standard in the gauging and proof of the liquor issued. Whenever sample is likely to deteriorate or become useless the Assistant Excise Commissioner shall replace it by fresh sample taken from the distillery in the presence of the licensee.

The Excise Commissioner shall be the final authority in the decision of the question as to whether any liquor intended or brought up for issue is up to the standard.

